

FRIDAY 30-09-2022 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr. Saritha Vijayan K.



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/09/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി ഇന്നുവരെയാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേനെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 -425 -1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. നിലവിലെ തെങ്ങിൻ തോട്ടങ്ങളിലും പുതുതായി സ്ഥാപിച്ചിട്ടുള്ള തോപ്പുകളിലും സംയോജിത സസ്യസംരക്ഷണ - പരിപാലനമുറകൾ നടപ്പിലാക്കി തെങ്ങിന്റെ ആരോഗ്യസംരക്ഷണത്തിനായി കൃഷി വകുപ്പ് സംസ്ഥാനത്തുടനീളം കേര രക്ഷാവാരം ക്യാമ്പയിൻ ഒക്ടോബർ മാസം നടപ്പിലാക്കുകയാണ്. മുൻവർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിലും ഈവർഷം നടപ്പിലാക്കുന്ന പഞ്ചായത്തുകളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചായിരിക്കും ക്യാമ്പയിൻ നടത്തുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, തെങ്ങിൻ തടങ്ങളിൽ പച്ചില വളപ്രയോഗം, പച്ചില വള ലഭ്യതയ്ക്കായി ശീമക്കൊന്ന നടീൽ, കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി തുടങ്ങിയ കീടങ്ങളുടെ

നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം എന്നിവയാണ് ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

3. സംസ്ഥാന ഫലമായ ചക്കയുടെ പ്രസക്തി ഭക്ഷ്യസുരക്ഷയ്ക്കും സുരക്ഷിത ഭക്ഷണവും എന്ന നിലയിൽ ഇക്കാലത്ത് ഏറിക്കൊണ്ടിരിക്കുകയാണ്. വിവിധ ഇനം നാടൻ ചക്ക ഇനങ്ങളെ കണ്ടെത്തി സംരക്ഷിക്കുന്നതിനായി കേരള കാർഷിക സർവകലാശാല, കർഷകപങ്കാളിത്തത്തോടെ വിദ്യാർത്ഥി ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി. കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങളുടെ വിവരങ്ങൾ തൃശൂർ ജില്ലയിലെ കർഷകർ 9496402922 എന്ന ഫോൺ മുഖേനയോ, വാട്സ്ആപ്പിലൂടെയോ അറിയിക്കണണമെന്ന് അഭ്യർത്ഥിക്കുന്നു.

4. കേന്ദ്ര സർക്കാർ **ദേശീയ ഗോപാൽ രത്ന പുരസ്കാരം**– 2022-ന് അപേക്ഷകൾ ക്ഷണിക്കുന്നു. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT), ഏറ്റവും നല്ല ഡെയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡെയറി എന്നീ വിഭാഗങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. https://awards.gov.in എന്ന ഓൺലൈൻ അവാർഡ് പോർട്ടലിലൂടെ അപേക്ഷകർക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 30 (30/09/2022) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനെയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ്, വെള്ളാനിക്കരയിൽ 2022 അദ്ധ്യയന വർഷത്തെ ഡി.ബി.ടി സപ്പോർട്ടഡ് എം.എസ്.സി (അഗ്രി) പ്ലാന്റ് ബയോടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയ്യതി: 09.10.2022.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. തൃശ്ശൂർ ജില്ലയിൽ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടും ഡിപ്പാർട്മെന്റ് ഓഫ് ഫ്ളോറികൾചർ ആൻഡ് ലാൻഡ്സ്കേപ്പിങ്ങും സംയുക്തമായി ഒക്ടോബർ ഒന്നാം തീയതി 'ഓർക്കിഡ് കൃഷിരീതി' യെ കുറിച്ച് ഒരു ഏകദിന ട്രെയിനിങ് പരിപാടി സംഘടിപ്പിക്കുന്നു. വെള്ളാനിക്കരയിലെ ഫ്ളോറികൾച്ചർ ആൻഡ് ലാൻഡ്സ്കേപ്പിങ് ഡിപ്പാർട്മെന്റിൽ വച്ച് രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയാണ് ട്രെയിനിങ്. ട്രെയിനിങ് ഫീസ് 500 രൂപ. രജിസ്റ്റർ ചെയ്യുവാനായി 04872371104 എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ അഞ്ച് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജിൽ തീറ്റപ്പുൽ കൃഷിക്കായി മേൽത്തരം ഹൈബ്രിഡ് നാപിയർ ഇനം **സുഗുണ** നടീൽ വസ്തു ലഭ്യമാണ്. വില കട്ടിംഗ് ഒന്നിന് ഒരു രൂപ. കൂടുതൽ വിവരങ്ങൾക്ക് **8547125233** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന് ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി ഡോഗ് ക്യാച്ചേഴ്സ് ആയി ജോലി ചെയ്യാൻ താൽപര്യമുള്ളവർക്ക് സൗജന്യ പരിശീലനം നൽകുന്നു താല്പര്യമുള്ളവർ 9188522706 എന്ന വാട്സ്ആപ്പ് നമ്പറിൽ സന്ദേശമയച്ചും ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ചും മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തി ലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**ലാഭകരമായ കോഴി വളർത്തൽ**" എന്ന വിഷയത്തിൽ ഇന്ന് (സെപ്റ്റംബർ 30 -ന് )ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. കോഴി വളർത്തൽ, അസുഖങ്ങൾ, ചികിത്സ രീതികൾ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രോബയോട്ടിക്കുകൾ, കൂടുനിർമ്മാണം, തീറ്റക്രമം, വാക്സിനേഷൻ എന്നീ വിഷയങ്ങൾ ഇതിൽ കൈകാര്യം ചെയ്യുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവൃത്തി സമയങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.22 ൽ 35 വയസ്സിനു താഴെ പ്രായമുള്ള അഗ്രികൾച്ചർ / ബയോളജി /ബോട്ടണി വിഷയങ്ങളിൽ പ്ലസ് ടു /വി എച്ച് എസ് ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാ ഫോമും പ്രോസ്പെക്ടസും ഒക്ടോബർ ഒന്ന് (1.10.2022) വരെ ഈ ഓഫീസിൽ നിന്നും രാവിലെ 10 മണി മുതൽ വൈകിട്ട് 4. 30 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ മൂന്ന് (03.10.2022) വൈകിട്ട് 5:00 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2413739, 9383470293, 9383470294** എന്നീ ഫോൺ നമ്പറുകളിലോ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം 695 582 എന്ന മേൽവിലാസത്തിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

12. പയറിൽ കരിമ്പൻ കേടു പ്രതിരോധിക്കാൻ 2 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് വിത്ത് ഇട്ട് വച്ചതിനുശേഷം നടുക

മുളകിൽ ബാക്ടീരിയൽ വാട്ടം ഉണ്ടാകാതിരിക്കാൻ പ്രതിരോധ ശേഷിയുള്ള ഇനങ്ങളായ ഉജ്ജ്വല, അനുഗ്രഹ നടുക.

വഴുതന വർഗ്ഗ വിളകളിലെ തൈ ചീയൽ രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് ആഴ്ചയിലൊരിക്കൽ ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും ചെയ്യുക.